**Rama Varmha Tampuran.**—If the petitions are lodged, they are destroyed after one year.

**Mr. K. Mohamed Seethi.**—Is there any record in which the substance of these petitions as noted down ?

**Rama Varmha Tampuran.**—There is a register. That does not show very much, much more than what the Hon'ble Member has asked by way of questions. What they asked for was for some encouragement.

**Mr. K. Mohamed Seethi.**—What encouragement it is is not mentioned there?

**Rama Varmha Tampuran.**—Only some encouragement.

**Mr. K. Mohamed Seethi.**—Has the Government ordered for any Malayalam Type-writer ?

**Rama Varmha Tampuran.**—No.

**Mr. K. Mohamed Seethi.**—Would they have any objection in purchasing some ?

**Rama Varmha Tampuran.**—They have not yet got the machine. Without that, how can they say whether they would go in for that or not ?

## Conference of Headmasters.

**407.** മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ കാണുന്ന ചോദ്യങ്ങിന്നു ഗവൺമെണ്ടു ദയവായി മറുപടി പറയാമൊ.—

(a) കഴിഞ്ഞ ധനുമാസം ഒടുവിൽ ചിറ്റൂരിൽവെച്ചു നടന്ന ഹെഡ്മാസ്റ്റർമാരുടെ കാൺഫറൻസിൽ പാഠപുസ്തകക്കാര്യത്തിൽ ചെയ്ത തീരുമാനം എന്താണു; ആ റസലൂഷന്റെ ഒരു പകർപ്പു മേശപ്പുറത്തു വെക്കാമൊ ;

(b) ആ റസലൂഷൻപ്രകാരം ഇപ്പോഴുണ്ടത്തെ പാഠപുസ്തകക്കാര്യം തീർച്ചയാക്കേണ്ടതാണെന്നു സീനിയർ ഇൻസ്പെക്ടരും ഡയറക്ടരും ഗവൺമെണ്ടിനോടു ശുപാർശ ചെയ്തുയുണ്ടായൊ ;

(c) ഈ കാര്യത്തിൽ ഗവൺമെണ്ടു് വല്ല കല്പനയും പാസ്സാക്കീട്ടുണ്ടൊ ; ഉണ്ടെങ്കിൽ ഒരു പ്രതി മേശപ്പുറത്തു വെക്കാമൊ ; ഇല്ലെങ്കിൽ ഇതേവരെ കല്പന പാസ്സാക്കാതിരിപ്പാൻ പ്രത്യേകം കാരണം ഉണ്ടൊ ; ഉണ്ടെങ്കിൽ എന്താണു് ;

(d) മിസ്റ്റർ തോമാസ്സു് പോളിന്റെ തിരുവനന്തപുരം വി. വി. പബ്ലിഷിങ്ങ് ഹൌസിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള കേരളപാഠാവലി അടുത്തവർഷത്തേക്കു പാഠപുസ്തകമാക്കുവാൻ ഗവൺമെണ്ടിലേക്കു മേലധികാരത്തിൽനിന്നൊ മറ്റൊ വല്ല എഴുത്തും ഉണ്ടൊ ; ഉണ്ടെങ്കിൽ ആരാണു് എഴുതിയതെന്നു പറയാമൊ ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—(a) റസലൂഷന്റെ ഒരു പകർപ്പു താഴെ ചേർക്കുന്നു "Resolved to recommend to Government that the existing books might be continued for another year".

(b) സബ്ബീസിന്റെ നന്മയെ ഉദ്ദേശിച്ചു് ഡിപ്പാർട്ടുമെണ്ടു് മേലദ്ധ്യക്ഷന്മാരുടെ ശുപാർശകളെ വെളിപ്പെടുത്തുന്നതു യുക്തമെന്നു തോന്നുന്നില്ല.

(c) ഉവ്വു്. ഉത്തരവിന്റെ പകർപ്പു് അനുബന്ധമായി ചേർത്തിരിക്കുന്നു (*Vide Appendix II*).

(d) ഗവൺമെണ്ടിനു ഈ കാര്യത്തിൽ പൂർണ്ണ അധികാരമുള്ളതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഹെഡ്മാസ്റ്റർമാരുടെ കോൺഫറൻസിൽ പാസ്സാക്കിയ റസല്യൂഷനും (Resolved to recommend to the Government that the existing books might be continued for another year) സീനിയർ ഇൻസ്പെക്ടരുടെ ശുപാർക്കും വിരോധമായിട്ടാണൊ ഗവമ്മെണ്ട നടപടി നടത്തിയതു് ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—അതു പറഞ്ഞിട്ടു കാര്യമില്ലെന്നാണു് ഉത്തരത്തിൽ പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതിനു വിപരീതമാണൊ തീർപ്പു് ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—അതു പറഞ്ഞിട്ടു കാര്യമില്ലെന്നാണു് പറയുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ആ റസല്യൂഷനും ശുപാർക്കും ഗവമ്മെണ്ടു് എന്തുചെയ്തു ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—റിക്കാർഡാക്കി വെച്ചിട്ടുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ആ ശുപാർക്കും റസല്യൂഷനെ അനുകൂലിച്ചൊ പ്രതികൂലിച്ചൊ ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—അതു വെളിപ്പെടുത്താൽ നിവൃത്തിയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അപ്പോൾ, ഹെഡ്മാസ്റ്റർമാരുടെ അഭിപ്രായത്തിനു വിലയില്ലെ ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഗവമ്മെണ്ടിന്റെ മുമതല അവിടെ ചെല്ലുന്ന അഭിപ്രായങ്ങളെ സ്വീകരിക്കുതന്നെ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഗവമ്മെണ്ടു് റസല്യൂഷനു വിപരീതമായിട്ടാണൊ ചെയ്തിട്ടുള്ളതു് ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—റെക്കാർഡഡ് എന്നു വെച്ചാൽ ആലോചിച്ചു വേണ്ടതു പ്രവർത്തിക്കാമെന്നാണു്. അനുകൂലമെന്നൊ പ്രതികൂലമെന്നൊ ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— (ഡി.) മിസ്റ്റർ തോമസ് പോളിന്റെ തിരുവനന്തപുരം വി. വി. പബ്ലീഷിങ്ങ് ഹൗസിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള കേരളപാഠാവലി അടുത്ത വർഷത്തേക്കു പാഠപുസ്തകമാക്കുവാൻ ഗവമ്മെണ്ടിലേക്കു മേലധികാരത്തിൽനിന്നൊ മറ്റൊ വല്ല എഴുത്തും ഉണ്ടൊ ? ഉണ്ടെങ്കിൽ ആരാണു എഴുതിയതെന്നു പറയാമൊ എന്നാണു് എന്റെ ചോദ്യം. അതിനു ഗവമ്മെണ്ടിനു ഈ കാര്യത്തിൽ പൂർണ്ണാധികാരമുള്ളതാകുന്നു എന്നാണു് മറുപടി (ചിരി.)

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഈ കാര്യത്തിൽ നമ്മുടെ ഗവമ്മെണ്ടു വേറൊരു ഗവമ്മെണ്ടിനോടും ചോദിച്ചിട്ടു് കാര്യമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—മേലധികാരത്തിൽ നിന്നു് എതെങ്കിലും എഴുത്തുണ്ടൊ ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—മേലധികാരത്തിൽനിന്നു് എന്നുവെച്ചാൽ വ്യക്തമാകുന്നില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—മഹാരാജാവു തിരുമനസ്സിലെ എഴുത്തുണ്ടൊ എന്നാണു്. മേലധികാരം എന്നു പറഞ്ഞാൽ ആരെയാണു് സൂചിപ്പിക്കുന്നതെന്നു് കൌൺസിൽ സിക്രട്ടറി എന്നോടു എഴുതിച്ചോദിച്ചിരുന്നു. ദിവാന്റെ മേലധികാരമെന്നാണു് മറുപടി കൊടുത്തതു്.

പ്രസിഡെണ്ടു്.—ദിവാന്റെ പ്രവർത്തികളും ഗവമ്മെണ്ടിന്റെ പ്രവർത്തികളാണു്. ഏതു കാര്യം മഹാരാജാവു തിരുമനസ്സിലെ അനുവാദത്തോടുകൂടി ചെയ്താലും അതും ഗവമ്മെൻറു പ്രവർത്തിതന്നെ. ഓരോ ഉദ്യോഗസ്ഥന്മാർക്കു

LIBRARY ARCHIVES Kerala Legislative Assembly

ാരേവിധ അധികാരം കൊടുത്തിട്ടുണ്ട്". മഹാരാജാവു തിരുമനസ്സിലെ അനുവാദത്തോടുകൂടി ചെയ്യേണ്ട കാര്യമാണെങ്കിൽ അങ്ങിനെ പ്രവർത്തിക്കും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതു മഹാരാജാവു തിരുമനസ്സിലെ അനുവാദത്തോടുകൂടി ചെയ്തതാണൊ?

പ്രസിഡെണ്ട്.—മഹാരാജാവു തിരുമനസ്സിലെ അനുവാദം വേണ്ടതാണെങ്കിൽ അങ്ങിനെ ചെയ്തിരിക്കും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അപ്രകാരം ചെയ്തിട്ടുണ്ടൊ എന്നാണ്?

പ്രസിഡെണ്ട്.— മുൻപറഞ്ഞപ്രകാരം സമാധാനം പറവാൻ സാധിക്കയുള്ളൂ.

## Lapse of allotment for the Chowwara Chira.

**408.** മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ എഴുതുന്ന ചോദ്യത്തിനു ശവമ്മെണ്ടു ദയവായി മറുപടി പറയാമൊ.—

(a) ഫ. വെള്ളാരപ്പിള്ളി പഞ്ചായത്തിൽപെട്ട ചൊവ്വരച്ചിറ മെയിൻറനൻസിനു ഫ.ഫാ൪-ൽ അനുവദിച്ച രൂപക. ലാപ്സ്സാവാൻ കാരണമെന്തു;

ഖ. പ്രൊപ്പോസൽ അയക്കാത്ത കാരണമാണെങ്കിൽ പഞ്ചായത്തിനു റിമൈൻറരൊ മറെറാ അയക്കുകയുണ്ടായൊ;

ന. പ്രൊപ്പോസലും എസ്റ്റിമേറും തയ്യാറാക്കേണ്ടതാരാണ്;

ര. പഞ്ചായത്തു ഓവർസീയ്ക്കു ഇതിൽ വല്ല ചുമതലയുമുണ്ടൊ;

(b) ഫ. കുന്നമാഞ്ഞകുളം നന്നാക്കുന്നതിനു ഫ.ഫാ൪-ൽ അനുവദിച്ച രൂപക. എങ്ങിനെ ഉപയോഗിച്ചു; (ഖ) വേറെ വല്ല പണിക്കും ഉപയോഗിച്ചുതാണെങ്കിൽ ആതുടെ അനുവാദപ്രകാരം ഉപയോഗിച്ചുവെന്നും അനുവദിച്ച തിയ്യതി എന്നാണെന്നും ഏതു പണിക്കാണു ഉപയോഗിച്ചതെന്നും പറയാമൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—(a) ഫ. പഞ്ചായത്തു സമയത്തു പണി നടത്തിക്കാഞ്ഞതുകൊണ്ടു ചിറ സംരക്ഷണ സാധാരണയായി അതാതു കാലത്തു അയൽകൃഷിക്കാരിൽ ആരെക്കൊണ്ടെങ്കിലും കഴിപ്പിച്ചു അതിനുള്ള സംഖ്യ സംരക്ഷണകാലം കഴിയുമ്പോൾ കൊടുക്കുന്നതാണു പതിവു്. അതുപ്രകാരം ചെയ്യേണ്ടതു് പഞ്ചായത്തിന്റെ ചുമതലയാണു്.

ഖ. പ്രപ്പോസൽ അയക്കുകയും അതു സൂപ്രണ്ടവർകൾ അനുവദിക്കുകയും ചെയ്തതിനാൽ റിമൈണ്ടർ അയക്കേണ്ടതായി വന്നില്ല.

ന. പ്രപ്പോസലും എസ്റ്റിമേറും തയ്യാറാക്കണ്ടതു് പഞ്ചായത്തിന്റെ ചുമതലയാണു്.

ര. ഇതിൽ പണി ആളവെട്ടുക്കേണ്ടതാണു് പഞ്ചായത്തു് ഓവർസീയ്ക്കുള്ള മുഖ്യ ചുമതല.

(b) ഫ. കുന്നമാഞ്ഞകുളം നന്നാക്കുന്നതിനു ഫ.ഫാ൪-ൽ യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ല. ഖ. ഈ ചോദ്യങ്ങൾക്കവകാശമില്ല.

മിസ്റ്റർ. ടി. എ. രാമചന്ദ്രയ്യർ.—ഈ ചിറ മെയിൻറനൻസു ചെയ്യാത്തതുകൊണ്ടു കൃഷിക്കു വല്ല ദോഷവും ഉണ്ടായിട്ടുണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—കൃഷിക്കു ദോഷം വന്നതായിട്ടു് യാതൊരറിവും ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതിനെപ്പററി അന്വേഷണം നടത്തിയൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—കൃഷിക്കു നാശം വന്നതായിട്ടു് ഒരു അ

LIBRARY ARCHIVES Kerala Legislative Assembly

## APPENDIX II.

(*Vide Ans. to Q. No. 407*).

# PROCEEDINGS OF THE DIWAN OF COCHIN.

## LOCAL AND MISCELLANEOUS DEPARTMENT.

(*Education*)

Read again letter C. No. 8518/03 dated 26th January 1930 from the Director of Public Instruction regarding the meeting of the Board of Studies this year.

Also subsequent correspondence.

*Order dated 5th March 1930, Dis. No. 2000/D/105.*

Recorded.

(True extract)

(Sd.) Secretary to the Diwan.

To

The Director of Public Instruction.

LIBRARY ARCHIVES Kerala Legislative Assembly